# ആരാധകൻ



ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# ആരാധകൻ

[ അഞ്ചാം പതിപ്പ് ]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.,

ഇടപ്പള്ളി.

PUBLISHERS :

THE MANGALODAYAM LTD.,

TRICHUR.

Digitized By Kerala Sahitya Akademi

First Impression
in Makaram, 1110—1000 Copies
Reprinted
in Thulam, 1119—1000 Copies
Reprinted
in Meenom, 1120—1000 Copies
Reprinted
in Chingam, 1122—1000 Copies
Reprinted
in Kanni 1129—1000 Copies

*Copyright reserved by*
MRS. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY, [N. TRAVANCORE]

PRICE:
ANNAS EIGHT

PRINTED AT
THE MANGALODAYAM PRESS
TRICHUR

Digitized By Kerala Sahitya Akademi

*To*

*My friends and class-mates*

***S. Devakikutty Amma,*** *M. A.*

*and*

***K. Saraswathi Amma,*** *B. A.*

*This poem is dedicated as a humble*

*but very sincere token of friendship and admiration.*

COCHIN,
22—2—1119

***Changampuzha***

Digitized By Kerala Sahitya Akademi

മധുരചിന്തകൾ മാഞ്ഞുപോയീടവേ
മരണമാണിനി ജീവിച്ചിരിക്കുവാൻ.
ഇരുളിലാരുമറിയാതെയെത്രനാൾ.
കരളു നൊന്തു ഞാൻ കേഴമനസ്സുളം?
ഹൃദയമില്ലാത്ത ലോകമേ,യെന്തിനാ-
യതിനു കാരണം ചോദിപ്പൂ നീ സദാ?

ഇടപ്പള്ളി രാഘവൻപിള്ള

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

# അവതാരിക

മലയാളസാഹിത്യവൃന്ദാവനത്തിൽ ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ മുരളീനാദം കേട്ടുതുടങ്ങിയിട്ട കാലം അധികമായിട്ടില്ല. എങ്കിലും, ആ മുരളിയിൽനിന്നും അനസ്യൂതമായി നിർഗ്ഗളിച്ച സംഗീതധാരയിൽ ലോകം ലഹരിപിടിടിച്ചുവോളം മുഴുകിക്കഴിഞ്ഞിരിക്കുന്നു. ഒരഭിനവ കവികോകിലത്തെ സ്വാഗതംചെയ്യുന്നതിനു നാനാവിധത്തിൽ പര്യാപ്തമായിരുന്ന ദശാവിശേഷത്തിലായിരുന്നു ശ്രീമാൻ കൃഷ്ണപിള്ള രംഗപ്രവേശം ചെയ്തതു്. അദ്ദേഹത്തിന്റെ ഭാവനയുടെ മോഹനചുംബനങ്ങൾ—മധുരശീതങ്ങൾ—സാഹിത്യപ്രണയികൾക്കു നിസ്തുലമായ പുളകപ്പുതപ്പു സമ്മാനിച്ചു.

"എങ്ങുനി,ന്നെങ്ങുനിന്നെങ്ങുനിന്നീ
മഞ്ജീരശിഞ്ജിതമുതിർവിപ്പൂ?
മംഗളമാധുരി വാർന്നിടുമി-
സ്സംഗീതസങ്കേതമേതു രംഗം?"

ബാഷ്പാഞ്ജലി.

എന്നിങ്ങനെ അന്വേഷണമർമ്മരങ്ങൾ പല ദിക്കുകളിലും ഉദിച്ചുയന്നു. ഇപ്രകാരമൊരു സംഭവത്തെ ദീർഘദർശനം ചെയ്തിരുന്ന ചുരുക്കം ചിലരിൽ ഒരാളായിരുന്നു ഈ ലേഖകൻ.

എത്രയും പരിമിതമായ കാലത്തിനിടയ്ക്കു വിപുലമായ പ്രസിദ്ധി സമ്പാദിച്ച യുവകവിയാണു് ചങ്ങമ്പുഴ.

Digitized By Kerala Sahitya Akademi

കാവ്യലക്ഷ്മി ആ പിഞ്ചുകൈകളിലൊതുങ്ങിയിരിയ്ക്കുന്നു എന്നു നിശ്ശങ്കം പ്രസ്താവിക്കാം. വർണ്ണനാതീതമായ ഒരു പ്രകാശകന്ദളത്തിന്റെ നേരിയ നിഴൽ അദ്ദേഹത്തിന്റെ കവിതയിൽ ഇളകിയാടുന്നു. ആ ഭാവന ആത്യുജ്ജ്വലമാണു്. ആ തൂലിക അന്തസ്സാരവിഹീനമായ ഒരു കൃതിയും വിരചിച്ചിട്ടില്ല. സൂക്ഷ്മാവലോകനത്തിൽ, അമൂല്യമായ ഒരാശയം, അല്ലെങ്കിൽ ഹൃദ്യങ്ങളായ ചില വരികൾ, പദാവലികൾ എവിടെയെങ്കിലും തെളിഞ്ഞു കാണാതിരിക്കയില്ല.

ചങ്ങമ്പുഴയുടെ വ്യക്തിപ്രഭാവം സാഹിത്യലോകത്തിൽ എത്രാണ്ടൊരു വിപ്ലവം വരുത്തിയിട്ടുണ്ടു്. സംസ്കൃതവൃത്തത്തിൽ പറയത്തക്ക യാതൊരു കവിതയും രചിയ്ക്കാതെ ഹൃദയാകർഷകങ്ങളായ ദ്രാവിഡവൃത്തങ്ങളിൽ ലളിതകോമളമായ ഭാഷയിൽ കവനംചെയ്തു യശഃസ്തംഭം നാട്ടുവാൻസാധിച്ചിട്ടുള്ള കവികൾ വേറെയുണ്ടെന്നു തോന്നുന്നില്ല. ബാഹ്യമായ ആകാരസൗഷ്ഠവം പോട്ടെ; ചങ്ങമ്പുഴയുടെ കവിതകൾ പാരായണംചെയ്യുമ്പോഴുണ്ടാകുന്ന ആനന്ദം!—അതു് അനിർവ്വചനീയമത്രേ! കവിതയിൽ സ്ഥായിയായിക്കാണുന്ന കരുണരസമാണു് ഇതിനു കാരണം. പരിതഃസ്ഥിതികളുടെ പ്രാതികൂല്യംനിമിത്തം ആശകളസ്തമിച്ചുപോയ യുവഹൃദയത്തിന്റെ വിലാപങ്ങൾ കുറിയ്ക്കുന്നതിലാണു് കവി അത്ഭുതകരമായ പാടവം പ്രദർശിപ്പിയ്ക്കുന്നതു്. ഹൃദയമാകുന്ന മൂശയിൽ ഉരുക്കിയെടുക്കുന്നതാണു് അവകളിലെ ആശയങ്ങൾ. ജീവരക്തംകൊണ്ടു് എഴുതുന്നതാണു് അവകളിലെ ഓരോ വരിയും. സംഗീതാത്മ

Digitized By Kerala Sahitya Akademi

കമായ വിചാരധാരയാണു് കവിതയെന്നു 'കാർലൈൽ' പറയുന്നു. പൈന്തേനൂറുന്ന സ്നിഗ്ദ്ധകോമളപദാവലികളുടെ സുന്ദരമായ സമ്മേളനത്താൽ നിരർഗ്ഗളസംഗീതം വഴിയുന്ന വാക്യങ്ങളിൽ അപ്രമേയവും പ്രശസ്തവുമായ ആശയം അന്തർഭവിച്ചിരിക്കും എന്നു 'കോളെറിഡ്ജു്' അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ മഹദ്വാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന തത്വത്തിലാണു് ചങ്ങമ്പുഴക്കൃതികളുടെ വിജയത്തിന്റെ രഹസ്യം ഒളിഞ്ഞുകിടക്കുന്നതു്. അവയിൽ കവിയുടെ നെടുവീർപ്പുകൾ പ്രസരിക്കുന്നു. അതാണു് അവയുടെ ഉൽക്കർഷത്തിനു ഹേതു. ആ ഗായകകവിക്കു വിചാരിക്കുവാൻ, വിലപിക്കുവാൻ, വിരചിക്കുവാൻ അവകാശമുണ്ടു്. കാർമേഘങ്ങൾ നിറഞ്ഞ ആകാശത്തിലെ മഴവില്ലാണു് ചങ്ങമ്പുഴയുടെ കവിത. തരുണമയമായ ഒരു വീണാനാദം അന്തരിക്ഷത്തിൽ ഉയന്നു കേൾക്കുന്നു. അതു നിശ്ചേഷ്ടമായ ഹൃദയത്തിന്റെ അടിത്തട്ടിലെത്തി അവിടെ ഉറങ്ങുന്ന അഞ്ചാറു കല്ലോലങ്ങളെ തട്ടിയുണർത്തുന്നു. ചങ്ങമ്പുഴയുടെ കവിതയുടെ പരമോദ്ദേശ്യമാണിതു്.

കവിയുടെ ആശയഗതിയെക്കുറിച്ചാണു് ഇനിയല്പം പ്രസ്താവിക്കാനുള്ളതു്. വിഭിന്നങ്ങളായ രണ്ടു വികാരങ്ങളുടെ നിഴലാട്ടങ്ങൾ കവിയുടെ അന്തരംഗത്തിൽ ദൃശ്യമാകുന്നു. പ്രകൃത്യാ സുഖലോലുപനും വിനോദശീലനുമായ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജീവിതം എന്നതു് അവ്യക്തവും സുന്ദരവുമായ ഒരു വളക്കിലുക്കമാണു്. അതിന്നനുസരണമായി അദ്ദേഹം ദർശിക്കുന്ന ലോകത്തിലെ സ്ഥിതികൾ വർണ്ണിച്ചിരിക്കുന്നതു നോക്കുക:—

Digitized By Kerala Sahitya Akademi

"കളകളകോകിലാലാപലോലം
കമനീയകാമദപുഷ്പകാലം;
മധുപാനമത്തമധുപഗീതം
മധുരസുരഭിയാം മന്ദവാതം;
മലർനിര മേളിച്ച മഞ്ജുവാടം
മരതകപ്പച്ച വിരിച്ച പാടം;
വിജനവിലാസലതാനികുഞ്ജം
ഭജനവിലോലയെൻ പുണ്യപുഞ്ജം;
പരിമളകല്ലോലമല്പമല്പം
പരിചിലിളകിടും പുഷ്പതല്പം;
മിളിതനിർവ്വാണസുഖപ്രണയം
ലളിതവികാരമയഹൃദയം;
അരികി,ലാത്മാവിലമൃതസാരം
ചൊരിയുമെൻ നിസ്തുലഭാഗ്യതാരം!"

'മധുവിധു'— ബാഷ്പാഞ്ജലി

എന്നാൽ മധുരചിന്തകളിളകുന്ന ഭാവനയിലല്ലാതെ നിഷ്ഠുരയാഥാർത്ഥ്യം നിറയുന്ന ലോകത്തിൽ സ്വാഭിലാഷപൂർത്തിയുണ്ടാകയില്ലെന്ന ബോധം ക്ഷണം സംജാതമാകുന്നു. ഇത്രമാത്രമല്ലാ, പരമാർത്ഥസ്നേഹത്തെ കൊതിച്ചലയുന്ന ആത്മാവു്, അതു് എത്രയും വിരളമായിട്ടു മാത്രമേ ഇവിടെ കാണുന്നുള്ളു എന്നു മനസ്സിലാക്കുകയും, പരിഭവസ്വാരംമാത്രം നിറഞ്ഞ ലോകത്തിന്റെ യഥാർത്ഥസ്ഥിതികൾ ഗ്രഹിയ്ക്കുകയും ചെയ്യുന്നു. അതുവരെ ഉണ്ടായിരുന്ന സംതൃപ്തിയും ആനന്ദവും ഉടൻ അപ്രത്യക്ഷമാകുന്നു. തൽസ്ഥാ

Digitized By Kerala Sahitya Akademi

നത്തു ഘോരനിരാശയുടെ നിഴൽപ്പാടുകഠം പടൎന്നുപിടി
ക്കുന്നു.

> "അതിശുഷ്കം ജീവിതപത്രം, എനി-
> ക്കുതുകൊണ്ടിനിയെന്തു കാൎയ്യം?"

'പ്രഭാതബാഷ്പം'—ബാഷ്പാഞ്ജലി

എന്നിങ്ങനെ ചിന്താഗതി മാറി വീഴുന്നു. കേവലമൊരു മൎത്ത്യനു വിധിയോടു പൊരുതുവാൻ കഴിവില്ല.

> "വിധിവിഹിതപ്രവാഹത്തിലൊന്നുപോ-
> ലൊഴുകിടും വെറുമോലത്തുരുമ്പുകഠം!—
> കഴികയില്ല നമുക്കാൎക്കുമായതി-
> ന്നടിയൊഴുക്കിനെതിരിട്ടു നീന്തുവാൻ!"

'ഇരുളിൽ'—ബാഷ്പാഞ്ജലി

അതിനാൽ മരണത്തിൻെറ മടിത്തട്ടിൽ തല ചായ്ക്കുവാനാണു് ആശ. നിൎദ്ദയമായ ലോകത്തിൻെറ പ്രശംസകഠം അദ്ദേഹം കൊതിക്കുന്നില്ല. അദ്ദേഹത്തിൻെറ കല്ലറയിന്മേൽ ഇത്രയ്ക്കുമാത്രം കുറിച്ചാൽ മതി:

> "ഇതിനകത്തു കിടക്കുന്നതുണ്ടൊരു
> ശിഥിലരാഗാൎദ്രദുൎബ്ബലമാനസം.
> അതു പലപ്പൊഴും മന്ത്രിച്ചു:—'നിൎമ്മലി
> പ്രണയശൂന്യമീ ലോകം തമോമയം!
> ഇവിടെയില്ല വെളിച്ചം, മധുരമാ-
> മിവിടെയില്ല സഹതാപമൎമ്മരം!'
> അതിനുവേണ്ടിക്കരഞ്ഞു കരഞ്ഞൊരു
> കണികപോലും ലഭിച്ചിടാതാകുലം"

Digitized By Kerala Sahitya Akademi

പരമഘോരനിരാശയിലെപ്പൊഴു-
മെരിപൊരികൊണ്ടടിഞ്ഞതാണാ മനം!"

'ഇതളിൽ'—ബാഷ്പാഞ്ജലി

എന്നാൽ കവിയുടെ ജീവിതം ഇപ്രകാരം ശോകാത്മകമായി ഭവിപ്പാനുള്ള കാരണമെന്താണെന്നു നോക്കാം. പ്രേമസുരഭിലമായ യൗവനത്തിൽ പ്രവേശിച്ചു ജീവിതത്തെ അഭിമുഖീകരിച്ചു നിന്നപ്പോൾ,

"കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻപരാജയം."

'ഇതളിൽ'—ബാഷ്പാഞ്ജലി

എന്ന വാസ്തവതത്വം ഗ്രഹിക്കുന്നതാണു് ഇതിനു ഹേതു. ഇങ്ങിനിവരാത്തവണ്ണം മറഞ്ഞുപോയ മോഹനകാലത്തെ സ്മരിക്കുമ്പോൾ കവിഹൃദയം ഞെരിയുന്നു. ശൈശവം വീണ്ടും ലഭിച്ചാൽക്കൊള്ളാമെന്നു് ഒരു വൃഥാഭിലാഷത്തിനു വശംവദനാകുന്നു.

"അപജയത്തിനടിത്തറ കെട്ടുമീ-
ച്ചപലയൗവനമാശിപ്പതില്ല ഞാൻ.
മധുരശൈശവം വീണ്ടും ലഭിപ്പിലീ
മഹിയിലെന്തിലും മീതെ ഞാൻ മിന്നുവൻ!"

'അന്നും ഇന്നും'—ബാഷ്പാഞ്ജലി

ഏവംവിധങ്ങളായ വികാരങ്ങളുടെ സംഘട്ടനങ്ങളാൽ കലുഷിതമനസ്കനായ കവി, കവനസ്വരൂപിണിയുടെ പ്രണയശീതളമായ ചുംബനധാരയിൽമാത്രമാണു് ആശ്വാസം—ആനന്ദം—തേടുന്നതു്. മാത്രമല്ല, അതു യശഃപ്രാപ്തിക്കു നിദാനമായും കാണുന്നു.

Digitized By Kerala Sahitya Akademi

"കവനസാമ്രാജ്യരൂപിണി, നീയും—കഷ്ടം!
നിഹതനാമെന്നെ മറന്നോ?
വെറുമൊരു ചുംബനം മാത്രം—തന്നാ-
ലമലേ, നിനക്കെന്തു ചേതം?
ഒരുപക്ഷേ, ഞാനതുമൂലം—ഒരു
പൊലിയാത്ത താമരയായ്ത്തീരാം!"

'പ്രഭാതബാഷ്പം'—ബാഷ്പാഞ്ജലി

ഈ ഏകവിചാരത്താൽമാത്രമല്ല കവി പാടുന്നതു്. മരണത്തിൻെറ കരാശ്ലേഷത്തെ കൊതിച്ചു നില്ക്കുന്ന ആ ദിവ്യമാത്രകളെ സുന്ദരമാക്കിത്തീക്കവാനുംകൂടിയാണു് ആ ഹൃദയവിപഞ്ചിക ഗാനങ്ങഠം ഉതിക്കുന്നതു്.

"ജീവിതലഘുകാവ്യത്തിൻ പകപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;
നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീക്കാനാവുകി,ലതേ കാമ്യം!"

'സൗന്ദര്യലഹരി'—ബാഷ്പാഞ്ജലി

കവിത അനർഗ്ഗളമായി പ്രവഹിക്കുന്ന അവസരങ്ങളാണു് കവിയുടെ ജീവിതത്തിലെ സുകുമാരങ്ങളായ—ആനന്ദം തുളുമ്പുന്നതായ—മാത്രകഠം. അദ്ദേഹത്തിൻെറ കവിതാസരണി പ്രത്യേകമാണു്; അതിൻെറ സാരസ്യം അന്യാദൃശമാണു്; സൗകുമാര്യം അനവദ്യമാണു്; സന്ദേശം അഭിനവമാണു്. ഭാവനാലോകത്തിൽ സ്വച്ഛന്ദവിഹാരം ചെയ്യുന്ന കവികോകിലത്തോടു് അസ്മാദൃശന്മാക്ക് പറയുവാനുള്ളതു്,

Digitized By Kerala Sahitya Akademi

Hail to thee blithe Spirit!

That from heaven or near it
Pourest thy full heart
In profuse strains of unpremeditated art!

SHELLEY.

എന്നു മാത്രമാണു്.

ഇനി പ്രസ്തുതകൃതിയെക്കുറിച്ചു രണ്ടു വാക്കു്. ശ്രീമാൻ കൃഷ്ണപിള്ള ഇദംപ്രഥമമായി ലഘുഗീതങ്ങളിൽനിന്നും ലഘുകാവ്യങ്ങളിലേയ്ക്കു കാലുവെച്ചതിൻെറ ഫലമാണു് 'അരാധകൻ' എന്ന ഈ ഖണ്ഡകാവ്യം. പ്രസിദ്ധഫ്രഞ്ചുസാഹിത്യകാരനായ 'ഗിഡേമോപ്പസിങ്ങി'ൻെറ 'രണ്ടു പടയാളികൾ' എന്ന കഥയുടെ ഛായയെ അവലംബിച്ചാണു് ഈ കാവ്യം നിമ്മിക്കപ്പെട്ടിരിക്കുന്നതു്. കവനകലാപാടവത്തിനു് അധികമധികം സൗകര്യം നല്കുന്ന ഇത്തരം സംരംഭങ്ങളിൽ മേലിലും പ്രവൎത്തിച്ചുകാണണമെന്നു് അഭ്യൎത്ഥിക്കുന്നതോടുകൂടി, ഇത്തരുണത്തിൽ ലബ്ധമായിരിക്കുന്ന വിജയത്തിൽ കവിയെ അനുമോദിച്ചുകൊണ്ടു്,

ഇടപ്പള്ളി,
16—5—1110.

തട്ടായത്തു്
**പരമേശ്വരപ്പണിക്കർ**

Digitized By Kerala Sahitya Akademi

# പ്രസ്താവന

എൻെറ സാഹിത്യജീവിതത്തിലെ രണ്ടാമത്തെ സന്താനമാണു് ഈ ലഘുകാവ്യം. ഇതിൻെറ കഥാമൎമ്മത്തെ സംബന്ധിച്ചിടത്തോളം ഫ്രെഞ്ചുസാഹിത്യകാരനായ ഗിഡേമോപ്പസിങ്ങിനോടു് എനിക്കു കടപ്പാടുണ്ടു്. എങ്കിലും കാവ്യനിൎമ്മിതിക്കനുയോജ്യമായ വിധത്തിൽ കഥാഗാത്രത്തിനു് അല്പം ചില മാററങ്ങൾ ഞാൻ വരുത്താതിരുന്നിട്ടില്ല.

ഈ കൃതിയുടെ എല്ലാ പ്രതികളും വിററുതീൎന്നിട്ടു് ആറേഴുകൊല്ലം കഴിഞ്ഞുവെങ്കിലും, രണ്ടാമത്തെ പതിപ്പു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ഇപ്പോൾമാത്രമേ എനിക്കു സൗകൎയ്യപ്പെട്ടുള്ളു. എൻെറ വിനീതമായ സാഹിതീസേവനത്തെ സൗഹാൎദ്ദപൂൎവ്വം സ്വാഗതംചെയ്യുന്ന സഹൃദയന്മാരോടു് എനിക്കുള്ള കൃതജ്ഞതയെ ഞാൻ സാദരം രേഖപ്പെടുത്തിക്കൊള്ളുന്നു.

കൊച്ചി,
22—2—1115
വിജയദശമി.

ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

"Love's very pain is sweet;
But its reward is in the world divine,
Which, if not here, it builds beyond the grave".

---

Virtue, how rare it is!
    Friendship, how rare!
Love, how it sells poor bliss
    For proud despair!

—*Shelly*

Digitized By Kerala Sahitya Akademi

# ആരാധകൻ

നവോത്ഥായികളായ കേരളീയകവികളിൽ, സഹജമായ 'ശക്തി'കൊണ്ടു് അതിപ്രധാനമായ ഒരു പദം അർഹിക്കുന്ന ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ലളിതകോമളമായ ഒരു നവ്യലഘുകാവ്യമാകുന്നു 'ആരാധകൻ'. ഉജ്ജ്വലമായ ഭാവന, ഉൽകൃഷ്ടമായ വികാരം, സുന്ദരമായ ചിന്ത, സുലളിതമായ രചന—'ആരാധകൻ' സഹൃദയന്മാരുടെ സവിശേഷാരാധനം അർഹിക്കുന്ന, കരുണാത്മകമായ ശുദ്ധസ്നേഹത്തെ ഗാനംചെയ്യുന്ന, ഒരു ജീവിതനിരീക്ഷകനത്രേ.

താരുണ്യത്തിൻെറ വികസിതകാന്തിയണിഞ്ഞിരുന്ന വിജയനും സോമനും 'ഒരു ഞെട്ടിലങ്കുരിച്ചാത്തശോഭം വിലസീടും രണ്ടോമൽപ്പൂക്കൾപോലെ' ഒരു ഗൃഹത്തിൽത്തന്നെ കഴിഞ്ഞുകൂടുകയാണു്. ആ അപരിചിതന്മാർ പരസ്പരം കാണുവാനും സ്നേഹിക്കുവാനും ഇടനല്കിയ പ്രഭാതം മറഞ്ഞിട്ടു കാലം വളരെയായെങ്കിലും ആ യുവാക്കന്മാരുടെ അസാധാരണസൗഹൃദബന്ധത്തിനു് അല്പംപോലും ശൈഥില്യം സംഭവിച്ചിട്ടില്ല.

വിജയൻ വിജയനെ വിസ്മരിച്ചു
വിബുധനാം സോമനിൽ ചേർന്നലിഞ്ഞു.
അതുവിധം സോമനും സോമനേയു-
മവഗണിച്ചാത്മസുഹൃത്തിലാണ്ടു.

എന്നു വർണ്ണനം അവരുടെ സൗഹൃദത്തിൻെറ അഗാധതയിൽ മുങ്ങിനോക്കുന്നുണ്ടു്. എങ്കിലും അവരുടെ സ്വഭാ

Digitized By Kerala Sahitya Akademi

വം ഭിന്നമല്ലെന്നു പറഞ്ഞുകൂടാ: വിജയൻ വിനോദപ്രിയൻ, കായികാഭ്യാസചതുരൻ, വാചാലൻ; സോമൻ മിതഭാഷി, അധീരൻ, ഭാവനാസമ്പന്നൻ, ചിത്രകാരൻ.

പല പല പുഷ്പങ്ങൾ തിങ്ങിനില്ക്കും
പനിമലർത്തോപ്പിൻപകപ്പുപോലെ

പരിണതകാന്തി കലന്നിരിക്കുന്ന ഒരു സായാഹ്നത്തിൽ വിജയസോമന്മാർ പതിവുപോലെ, നദീതടത്തിലിരിക്കുമ്പോൾ വെള്ളം മുക്കുവാൻ വന്ന ഒരു കോമളാംഗി അവരുടെ രണ്ടുപേരുടേയും ഹൃദയം സമാകർഷിച്ചു. ആ യുവാക്കന്മാരുടെ ശുദ്ധസൗഹൃദയത്തിൻെറ മാററുനോക്കുവാൻ ജീവിതശില്പി നിശ്ചയിച്ചതന്നാണു്. പിന്നേയും,

വേനലും മഞ്ഞും മഴയുമായി–
ക്കാലം പതുക്കെക്കടന്നുപോയി,
ആയിരം മൊട്ടുകൾ പൂക്കളായി
ആയിരം പൂക്കളടന്നുപോയി.

കാലഗതിയും പ്രകൃതിപരിണാമവും വിചാരിച്ചാൽ വിശുദ്ധസ്നേഹത്തിനോട്ടു് എന്തു ചെയ്യുവാൻ കഴിയും!

എന്നാൽ വിജയനും സോമനുമായ്
നിന്നിടും ബന്ധത്തിനില്ല ഭേദം.

വിജയൻെറ ധീരമായ വാക്ചാതുര്യം അചിരേണ മാലതിയുടെ—അതായിരുന്നു നദീതടത്തിൽ വന്ന നവനീതഗാത്രിയുടെ നാമം—ഹൃദയം സ്വാധീനമാക്കി. അധീരത സോമനെ മനഃപൂർവ്വം തോല്പിച്ചു. വിജയൻെറ സുഖത്തിലസൂയയുണ്ടായിരുന്നില്ല, സോമനു്. എങ്കിലും പ്രേമഭം

Digitized By Kerala Sahitya Akademi

ഗജന്യമായ നൈരാശ്യം ആ മന്ദഭാഗ്യന്റെ ഹൃദയത്തിൽ നിന്നു സന്തോഷത്തെ പറപ്പിച്ചുകളഞ്ഞു.

ആ മുഖത്തെന്തൊരു മന്ദഹാസം
ആ മനസ്സിങ്കലൊരഗ്നികുണ്ഡം

എത്ര ദുസ്സഹമായിരുന്നു പുഞ്ചിരിച്ചാരംമൂടിയ ആ ദുഃഖച്ചെങ്കനൽ!

ചിത്രകല മാത്രമാണു് സോമന്റെ ഹൃദയപാരവശ്യം അറിഞ്ഞതു്. വിജയന്റെ ദൃഷ്ടിയിൽനിന്നു് ആ സ്നേഹവും ദുഃഖവും മനഃപൂർവ്വം മാറിനിന്നു. മാലതിയുടെ രൂപം ഏതാനും നിരർത്ഥരേഖകളെ സാർത്ഥങ്ങളും നിർജ്ജീവവർണ്ണങ്ങളെ സജീവങ്ങളുമാക്കി. ആ ചിത്രം വിജനത്തിൽ വെച്ചു നോക്കിനോക്കിക്കരഞ്ഞുകരഞ്ഞു സോമന്റെ ജീവിതം കുറേക്കാലം ഇഴഞ്ഞു.

സോമന്റെ ജീവിതത്തിനു വേഗം വഴികാണിച്ചുകൊടുത്തു. ആധി വ്യാധിയിലേയ്ക്കു്, വ്യാധി മരണത്തിലേയ്ക്കു്. അന്ത്യമുഹൂർത്തത്തിൽ അതുവരെ ഗോപനംചെയ്തുവെച്ചിരുന്ന, ആദർശശുദ്ധിയാൽ ഒന്നു ചുംബിക്കുകകൂടി ചെയ്യാതെ പൂജിച്ചുവെച്ചിരുന്ന, മാലതീചിത്രം.

ഒരു സുനിർമ്മലസ്നേഹാർദ്രമാനസ-
സ്മരണയായിതു കാത്തുകൊള്ളേണമേ.

എന്ന പ്രാർത്ഥനയോടുകൂടി സൗഹൃദംനിറഞ്ഞ ദമ്പതികൾക്കു സമ്മാനിച്ചപ്പോൾ ആരുടെ ഹൃദയമാണു് തകരാതിരുന്നതു്?



Digitized By Kerala Sahitya Akademi

'വിജയനക്ഷണം വാവിട്ടു കേണപോയ്'; മാലതിയും 'അകമഴിഞ്ഞു മാഴ്കി'. പ്രപഞ്ചത്തിൻെറ കണ്ണിൽത്തന്നെ ഒരു കണ്ണുനീർ ശാശ്വതതേജസ്സോടുകൂടി ഉദിച്ചു.

മൂകമായ ദുഃഖത്തിൻേറയും, അധീരമായ സ്നേഹത്തിൻേറയും, ധീരമായ സഹിഷ്ണുതയുടേയും സമ്മേളനംകൊണ്ടു് ഉൽകൃഷ്ടമായ ഒരു ജീവിതമാണു് ഇതിലെ കഥാവസ്തുവെന്നു് ഇനി പ്രസ്താവിക്കേണ്ടതില്ല. രസാനുഗുണമായിട്ടാണു് അലങ്കാരസന്നിവേശവും രീതിയും കാണുന്നതെന്നു പറവാൻ ഞങ്ങൾക്കു് ആഹ്ലാദം തോന്നുന്നുണ്ടു്. വർണ്ണനങ്ങൾ പെൻസിൽസ്കെച്ചുപോലെ കമനീയങ്ങളായിരിക്കുന്നു. മാലതിയുടെ വർണ്ണനം നോക്കുക:

> അരയോടടുക്കിപ്പിടിച്ചിരുന്ന
> ജലഘടഭാരത്താൽച്ചെറ്റു ചാഞ്ഞും,
> കുറുമൊഴിമുല്ലപ്പൂമാലചൂടി-
> ച്ചുരുൾമുടിപിന്നിലഴിഞ്ഞുലഞ്ഞും,
> നറുവെണ്ണിലാവിൻ വിലാസലേശ-
> മരുണാധരത്തിൽ പൊടിഞ്ഞുതിർന്നും

ഇനി, കാവ്യസൗന്ദര്യം വർദ്ധിപ്പിക്കുന്നതിനു കവി കുറേക്കൂടി ശ്രദ്ധപതിപ്പിക്കേണ്ടതായ ചില സന്ദർഭങ്ങൾ ഉള്ളതുകൂടി സൂചിപ്പിക്കുവാനുണ്ടു്. 'അതീലൂടണയുന്നു', 'കവിളിലൂടൊഴുകി' മുതലായ ദുഃശ്രവസന്ധികൾ പരിവർജ്ജിക്കുവാൻ ശ്രീമാൻ ചങ്ങമ്പുഴയ്ക്കു പ്രയാസം നേരിടുകയില്ല. 'വിവശിതാത്മാവായ്' മതി. 'വിവശിതാത്മനായ്' വേണ്ട. 'ഒരു നിമേഷത്തെ വിരഹത്തെ, യുഗശത'മാക്കുന്നതിൽ അനൗചിത്യമുണ്ടു്. നിമിഷം യുഗശതമായിത്തോന്നാം. വിര

Digitized By Kerala Sahitya Akademi

ഫം യുഗശതമാകുന്നതെങ്ങനെ? 'പുരുഷധർമ്മാരോപ'മില്ലാത്ത സന്ദർഭത്തിൽ മേഘജാലം വിലസിനാർ എന്നും മററും പ്രയോഗിക്കുന്നതു ച്യുതസംസ്കാരദുഷ്ടമായിത്തീരും. 'നദി ശാന്തിയരുളീടിനാർ മുതലായ പ്രയോഗങ്ങളും വിലക്ഷണങ്ങളാകുന്നു.

നിസ്സാരങ്ങളായ ഈ ദോഷങ്ങൾ 'തദല്പമപി നോപേക്ഷ്യം കാവ്യേ ദുഷ്ടം' എന്ന പ്രമാണം ആദരിക്കാനല്ല ഇവിടെ ചൂണ്ടിക്കാണിച്ചതു്. ഞങ്ങളുടെ സുഹൃത്തിൻെറ ശ്രദ്ധയെ സമാകർഷിക്കുവാനാണു്. 'ആരാധകനു്' ആരാധകന്മാരുണ്ടാവട്ടെ എന്നു ഞങ്ങൾ ആശംസിക്കുന്നു!

'1111 ധനു'
കൈരളി, Vol. 20, No. 9.

ജി. ശങ്കരക്കുറുപ്പു്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ആരാധകൻ

## ഒന്നാം ഭാഗം

വിജയനും സോമനും യൗവനത്തിൽ
വികസിതകാന്തിയണിഞ്ഞിരുന്നു.
ഒരു ഞെട്ടിലങ്കുരിച്ചുളത്തശോഭം
വിലസിടും രണ്ടോമൽപ്പൂക്കൾപോലെ,
അവരിരുപേരുമൊരാലയത്തി–
ലവിരളാനന്ദം സമുല്ലസിച്ചു.
അപരിചിതന്മാരവരെയേവ–
മൊരുമിച്ചുടപ്പിച്ച സുപ്രഭാതം,
അതിദൂരമെത്തിക്കഴിഞ്ഞു,വെന്നാ–
ലവരിന്നുമാബദ്ധരാണു തമ്മിൽ.

രണ്ട്

പരമാത്മസ്നേഹമിപ്പാരിലെങ്ങും
പരമസുദുർല്ലഭമായിരിക്കാം;
ശരി,യെന്നാലായതിൻ ലാളനങ്ങ–
ളനുഭവിപ്പോരെത്ര ഭാഗ്യവാന്മാർ!
ഹൃദയങ്ങൾ തമ്മിൽപ്പുണർന്നിടുമ്പോ–
ളുദിതമാം വിദ്യുത്പ്രവാഹമല്ലേ,
ക്ഷണികമാമീലോകജീവിതാങ്കം
കനകാഭമാക്കുന്നൊരിന്ദ്രജാലം?

Digitized By Kerala Sahitya Akademi

ഭുവനസൗഭാഗ്യങ്ങളാകമാന-
മതിൽനിന്നുതിരുന്ന രശ്മിമാത്രം!

മൂന്ന്

വിജയനു സോമനും, സോമനേവം
വിജയനും പ്രാണനായ്ത്തീർന്നുപോയി;
മരണത്തിനെക്കൊണ്ടുമാവുകില്ലൊ-
ന്നവരെയന്യോന്യമകററിമാററാൻ.
മദനമനോഹരമംഗളാംഗൻ
വിജയകുമാരൻ വിമലശീലൻ.
പലപല കായികമത്സരത്തിൽ
പരമവിചക്ഷണനാദ്ദ്രചിത്തൻ.
സരസഗുണാങ്കിതൻ സോമനാഥൻ
സുവിദിതനാമൊരു ചിത്രകാരൻ.

നാല്

ഒരു നിമിഷത്തെ വിരഹംപോലും
യുഗശതമാക്കുന്നൊരാത്മബന്ധം
ഹൃദയതന്തുക്കളെക്കോർത്തുകെട്ടി
ക്ഷിതിയിലവൎക്കൊരു നാമമേകി.
വിജയൻ വിജയനെ വിസ്മരിച്ചു
വിബുധനാം സോമനിൽച്ചേൎന്നലിഞ്ഞു.
അതുവിധം സോമനും സോമനേയു-
മവഗണിച്ചാത്മസുഹൃത്തിലാണ്ടു.
അഴലെന്നതെന്തെന്നറിഞ്ഞിടാത-
ന്നവരത്ര സംതൃപ്തരായ് സുഖിച്ചു.

Digitized By Kerala Sahitya Akademi

### അഞ്ച്

അന്നദിനമന്തിമസന്ധ്യയിങ്ക-
ലയൽനാട്ടിലുള്ള നദീതടത്തിൽ
പ്രകൃതിസൗന്ദര്യം സമാസ്വദിയ്ക്കാ-
നവരിരുപേരും സവാരിപോകും.
ഒരു സുന്ദരാശയം മാത്രമേന്തും
സരളമാം രണ്ടീരടികൾപോലെ,
ഒരു ദിവ്യചേതസ്സെഴുന്നതാം ര-
ണ്ടുടലുകളായവരുല്ലസിച്ചു.
അവനിയിൽ സ്വർഗ്ഗവിശുദ്ധിചേർക്ക-
മവരോർക്കി,ലുത്തിന്നഭാഗധേയർ!

*　　*　　*

### ആറ്

പതിവുപോലന്നും ദിനാന്തരംഗം
പരിണതകാന്തിയണിഞ്ഞു മിന്നി.
പലപല പുഷ്പങ്ങൾ തിങ്ങിനില്ക്കും
പനിമലർത്തോപ്പിൻ പകപ്പുപോലെ;
കമിതാവെക്കാണുന്ന കാമിനിതൻ
കവിളിണക്കുമ്പിൻ തുടുപ്പുപോലെ;
സുലളിതവാർമണിമേഘജാലം
വിലസിയാ വാരുണദിക്കിലെല്ലാം.
ചിരിയടക്കിക്കൊണ്ടവയ്ക്കിടയിൽ
ചില വെള്ളിനക്ഷത്രമെത്തിനോക്കി.

Digitized By Kerala Sahitya Akademi

ഏഴ്

വിജയനും സോമനും വീതതാപം
വിഹരിച്ചിരുന്നു നദീതടത്തിൽ.
അകലെത്തിളങ്ങുന്ന ചക്രവാള-
മതിലംഘിച്ചീടും തൻഭാവനയിൽ
അഴകിൻ തിരകളിലങ്ങുമിങ്ങു-
മൊഴുകിനാനാ യുവചിത്രകാരൻ.
പ്രകൃതിയവനെയണച്ചു പുല്കി
പ്രകൃതിയവനിലലിഞ്ഞൊഴുകി
സിരകളുണർന്നവനപ്പൊഴേതോ
സുരതരുച്ഛായയിൽച്ചെന്നു പററി.

എട്ട്

അവികലാശ്ചര്യത്തിനാസ്പദമാ-
യവരൊരു സൗന്ദര്യം കാൺമു മുന്നിൽ:
അരയോടടക്കിപ്പിടിച്ചിരുന്ന
ജലഘടഭാരത്താൽച്ചെററു ചാഞ്ഞും;
കുറുമൊഴിമുല്ലപ്പൂമാല ചൂടി-
ച്ചുരുൾമുടി പിന്നിലഴിഞ്ഞുലഞ്ഞും;
നറുവെണ്ണിലാവിൻ വിലാസലേശ-
മരുണാധരത്തിൽ പൊടിഞ്ഞുതിർന്നും;
അതിലൂടണയുന്ന മന്ദമന്ദം
കളിരണിയുന്നൊരു ദീപനാളം!

Digitized By Kerala Sahitya Akademi

ഒമ്പതു്

നവയൗവനാശ്ലേഷിതാംഗിയാകു-
മവളൊരു സംഗീതമായിരുന്നു.
ഉലകിലുടലെടുത്തുല്ലസിക്കു-
മൊരു മുരളീഗാനമായിരുന്നു!........
അവളപാംഗത്താലുഴിഞ്ഞൊരിഞ്ഞോ-
രനഘവിദ്യുല്ലതാബീജലേശം,
അവരിലിന്നാരുടെ മാനസത്തി-
ലധികാരപൂർവ്വം പടൎന്നതാവോ!
ഭുവനമറിഞ്ഞില്ലുടനെ രണ്ടു
യുവഹൃദയങ്ങൾ തുടിച്ച കാൎയ്യം!

പത്തു്

കനകാംഗി പോയി;—മറഞ്ഞു സൂൎയ്യൻ
കമനീയസന്ധ്യ മയങ്ങി മങ്ങി.
കുളിർവെണ്ണിലാവെങ്ങും വാരി വീശി-
ശ്ശിശിരാംശുലേഖ കിളൎന്നു പൊങ്ങി.
മലയമന്ദാനിലനേററു മന്ദം
മലരണിവല്ലികൾ നൃത്തമാടി.
അരുവിയും, തീരവും, മൺകുടവു-
മതു വഹിച്ചെത്തിയ പൊൻകിനാവും!—

*　　　*　　　*

വിവിധവിചാരതരളിതരായ്
വിജയനും സോമനും പിന്മടങ്ങി!

Digitized By Kerala Sahitya Akademi

## രണ്ടാം ഭാഗം

വേനലും, മഞ്ഞും, മഴയുമായി–
കാലം പത്തുകൊല്ലംകടന്നുപോയി.
ആയിരം മൊട്ടുകൾ പൂക്കളായി;
ആയിരം പൂക്കളുടന്‍പോയി.
ഏതെല്ലാം മാററങ്ങളേശിയാലും
ലോകത്തിനെല്ലാം വെറും വിനോദം!
എന്നാൽ, വിജയനും സോമനുമായ്
നിന്നിടും ബന്ധത്തിനില്ല ഭേദം.
പണ്ടു കഴിഞ്ഞ തരത്തിലിന്നു–
മിണ്ടലകന്നവർ ലാലസിപ്പൂ!

### രണ്ട്

മുൻപൊരു സന്ധ്യയിൽ നമ്മൾ കണ്ട
ചമ്പകമേനിയാമോമലാളും
ഈ രണ്ടു ജീവസഖാക്കളുമാ–
യോരോ ദിവസവും കണ്ടുമുട്ടി.
ചേലിലല്ലാല്ലമായ് തമ്മിലന്നാ–
ളേറിത്തുടങ്ങീ പരിചയവും.
അത്തടിനീതടമായവർതൻ
നിത്യസന്ദർശനരംഗമായി.
നിർമ്മലസ്നേഹം തുളുമ്പുമോരോ
നർമ്മസല്ലാപസങ്കേതമായി.

Digitized By Kerala Sahitya Akademi

### മൂന്ന്

സാമോദമേകശിലാതലത്തിൽ
സോമനും തോഴനും ചേൎന്നിരിപ്പൂ.
മുൻപിലായ് പൂത്തോരു രാജമല്ലി-
ക്കൊമ്പുചേൎന്നോമലാൾ ചാഞ്ഞു നില്പൂ.
വാരുണാങ്കത്തിലണഞ്ഞ സൂൎയ്യൻ
വാരൊളിയങ്ങെങ്ങും വാരിവീശും.
അത്യന്തവാചാലനാം വിജയൻ
നിൎത്തിടാതോരോ വിശേഷമോതും.
പൊൻമണിനാദംപോലപ്പൊഴപ്പോൾ
പെൺമണി പൊട്ടിച്ചിരിച്ചുപോകും!

### നാല്

മിത്രത്തെപ്പോലെ,യസ്സാധു സോമ-
നത്ര വാചാലനല്ലായിരുന്നു.
ഗൗനിപ്പുമെങ്കിലും മിക്കവാറും
മൗനിയായ്ത്തന്നെ കഴിച്ചിരുന്നു.
വല്ലതുമല്പമൊന്നോതിയാലും
തെല്ലതിൽ നാണം പൊടിച്ചിരുന്നു!—
പാറപ്പടപ്പിൽപ്പുളഞ്ഞൊഴുകും
നീരോട്ടമാണാ വിജയനെങ്കിൽ,
സോമനോ, നൽത്തെളിനീർ തുളുമ്പും
താമരപ്പൂമ്പൊയ്കയായിരുന്നു!

Digitized By Kerala Sahitya Akademi

അഞ്ച്

ഓരോ ദിനങ്ങൾ കഴിഞ്ഞുപോന്നു;
പ്രേമം പതുക്കെപ്പൊടിച്ചുവന്നു.
ഉല്ലാസലോലൻ വിജയനെന്നും
സല്ലാപവീചിയിൽത്താണമുങ്ങി.
മാലെഴാതാ മനമെപ്പൊഴത്തും
മാലതീമന്ത്രമുരുക്കഴിയ്ക്കേ,
സോമഹൃദന്തരമെന്തുകൊണ്ടോ
ദീനമായ്ത്തേങ്ങിക്കരഞ്ഞതാവോ!
ആ മുഖത്തെന്തൊരു മന്ദഹാസം!
ആ മനസ്സിങ്കലൊരഗ്നികുണ്ഡം!!....

ആറ്

മാലതി, നീയൊരു മാനസത്തിൽ
മാലിൻ ദുരന്തമാം വിത്തു പാകി.
ആ രണ്ടു കല്പകശാഖികളും
ഹാ, നിന്നെത്തന്നെ ഭജിയ്ക്കയല്ലേ?
ഹന്ത,യവയിലിന്നൊന്നിൽമാത്ര-
മെന്തിനു പിന്നെ നീ ചേൎന്നു പാറി?
ആടലിൽനിന്നുമുയൎന്നിരുന്നും
ചൂടിലത്തൈമരം വാടിയാലോ!
എത്ര വസന്തം കഴിഞ്ഞു വേണ-
മക്കാലൊസൗരഭം പൂൎണ്ണമാവാൻ!

Digitized By Kerala Sahitya Akademi

ഏഴ്

വാർമുററുമക്കലാകല്പവൃക്ഷം
വാടിയാൽ ലോകത്തിനെന്തു ചേതം?
ആവുംവിധത്തിലതിങ്കൽനിന്നും
നേടേണ്ടതൊക്കെയും നേടിയല്ലോ?
അച്ചെറുതൂലിക കാഴ്ചവെച്ച
ചിത്രങ്ങൾ, ജീവരക്താങ്കിതങ്ങൾ,
രാഗാർദ്രമാമൊരു മാനസത്തിൻ
ശോകപ്രകടനമായിരുന്നു!—
ഉദ്വേഗകങ്ങളതിക്രമോരോ
വിദ്യുല്ലതികകളായിരുന്നു!—

എട്ട്

മാലതീചിത്രം രചിയ്ക്കുവാന-
ത്തൂലികയൊന്നു പിടഞ്ഞുണർന്നു.
അന്തരീക്ഷത്തിലവിടെയെല്ലാം
സൗന്ദര്യസാരം തിരയടിച്ചു.
നിശ്ശബ്ദസങ്കടംകൊണ്ടൊരോമൽ-
സ്വപ്നപശ്ചാത്തലം സജ്ജമായി.
നാനാവികാരങ്ങൾ വെമ്പിയെത്തി-
ച്ഛായങ്ങൾ ചാലിച്ചു പിന്മടങ്ങി.
പ്രേമസങ്കോചം വിലക്കിയാലും
ഭാവന പക്ഷപുടം വിടർത്തി.

Digitized By Kerala Sahitya Akademi

## ഒൻപതു്

ജീവിതലോലധവളപത്രം
സാവധാനത്തിൽ നിവത്തിനോക്കി
മാലതീചിത്രരചനയിങ്കൽ
സോമഹൃദയം വിരണ്ടു മണ്ടി.
യൗവനസ്വപ്നങ്ങൾ മാറിമാറി–
സ്സൗവർണ്ണവർണ്ണങ്ങൾ വീശിവീശി,
നാലഞ്ചു നാളുകൾക്കുള്ളിലേതോ
നാകാംഗനാചിത്രം ജാതമായി!—
ശോകാർദ്രരായതിൽ സാക്ഷിനിന്നോ–
രേകാന്തമാത്രകൾ ധന്യരായി!!

## പത്തു്

ഒന്നതിൻ നെററിയിലുമ്മവെയ്ക്കാ–
നന്നി, മുന്നോട്ടു തെല്ലാഞ്ഞു സോമൻ.
എന്നാലും, പെട്ടെന്നു ഞെട്ടിമാറി–
ദ്ധന്യനപ്പൂരുഷൻ പിന്മടങ്ങി.
ആ ദിവ്യസ്നേഹത്തിൻ സന്നിധിയിൽ–
ത്താനത്ര നീചനായ് മാറുകെന്നോ!—
ആത്മപ്രാപ്തത്താൽത്താനാചരിക്കു–
മാരാധനകൾ ദുഷിക്കുകെന്നോ!—
വെൽക നീ, നിർമ്മലസൗഹൃദമേ!
വെൽക നീ, നിർവ്വാണകന്ദളമേ!

Digitized By Kerala Sahitya Akademi

# മൂന്നാം ഭാഗം

ജനിതകൗതുകം സംഭവസഞ്ചയം
ജയപതാക പറപ്പിച്ചപോകവേ;
ചകിതചിത്തങ്ങൾ തേങ്ങിക്കരകിലും
നിയതി നോക്കിച്ചിരിയ്ക്കയാണത്ഭുതം!
പിടയുകയാണു പിന്നെയും പിന്നെയും
കൊടുനിരാശയിൽ ജീവിതമെന്തിനോ!
ക്ഷണികഭാഗ്യങ്ങൾ പിന്നിട്ടറുതിയിൽ
പ്രണയമയ്യോ, കരയുന്നു ദീനമായ്!
ഇവിടെയെന്തിനീയാദർശകാഹളം?
ഇവിടെയെന്തിനീ മാത്രകാജീവിതം?

## രണ്ട്

വിജയമാലതീരാഗതരംഗിണി-
യ്ക്കൊരു വിളംബവുമേശിലൊരല്പവും.
അത്ര യഥോചിതം മന്ദയാനം തുട-
ർന്നതുലമോദമവർക്കേകി നിത്യവും.
ഹൃദയവേദന താങ്ങാനശക്തനായ്
പ്രണയചിന്ത മറക്കാനസാദ്ധ്യമായ്,
നിപതിതനായി ഹാ, ദീനശയ്യയിൽ
നിഹതനായൊരസ്സോമനും തൽക്ഷണം.
അവനു കേൾക്കായവനിൽ പലപ്പൊഴും
ശിഥിലമാം ചില ചിത്തത്തുടിപ്പുകൾ!

Digitized By Kerala Sahitya Akademi

## മൂന്നു്

സതതമോരോ പരിചര്യ ചെയ്തുകൊ-
ണ്ടരികിൽ നില്ക്കും വിജയനെക്കാണ്കവേ,
അവനടക്കാൻ കഴിഞ്ഞതില്ലക്ഷിയി-
ലവതരിയ്ക്കുന്നൊരശ്രുകണങ്ങളെ!
അവരിരുവരുമൊന്നിച്ചനാൾമുതൽ-
ക്കതുവരെയ്ക്കും കഴിഞ്ഞതഖിലവും,
ചലനചിത്രത്തിലെന്നപോൽ,ക്കാൺ കയാ-
യവനനുക്രമം ഭൂതസ്മരണയിൽ.
അവ സമസ്തവും സ്നേഹസാന്ദ്രോജ്ജ്വല-
മനഘമാനന്ദതുന്ദിലം നിർമ്മലം!!

## നാലു്

അരുതരുതു സഹിക്കുവാൻ സോമന-
സ്മരണയുള്ളിൽക്കൊളുത്തുന്ന സങ്കടം.
അവരിരുവരുമന്യോന്യമോതിടാ-
തവനിയിലില്ലൊരാത്മരഹസ്യവും.
വിജയനെപ്പൊഴുമോതുന്നു തന്നൊടാ-
വിമലരാഗവിശേഷങ്ങളൊക്കെയും.
അവനറിവീല, താനുമത്തന്വിയി-
ലഭിനിവിഷ്ടനാണെന്നുള്ള വാസ്തവം!—
ചുടലചിതയിൽ, പ്രപഞ്ചമറിഞ്ഞിടാ-
തടിയണം, ഹന്ത, സോമരാഗാങ്കുരം!!

Digitized By Kerala Sahitya Akademi

അഞ്ച്

വിജനതയിൽ, വിറസ്സും കരങ്ങളിൽ
ഹൃദയനാഥതൻ ചിത്രവുമായവൻ,
തരളചിത്തം തകൻറ്, കണ്ണീരിനാൽ-
ത്തലയണയും നനച്ചുകൊണ്ടങ്ങനെ
ശിലയുമേതാണ്ടലിഞ്ഞുപോകുംവിധം
ചലനമററു കിടക്കും പലപ്പൊഴും!
പ്രണയസാരപരിമളം വീശിട്ട-
മൊരു സനാതനസങ്കല്പനന്ദനം,
അവനൊരുക്കിക്കൊട്ടക്കമിടസ്സിട-
സ്സമലമാമൊരു പുഷ്പശയ്യാതലം!!

* * *

ആറ്

പരിചിലേറെനാളാശിച്ചിരുന്ന, തൻ-
പരിണയോത്സവമാസന്നമാകയായ്!
വിവിധലോലവികാരതരംഗിത-
വിധുരമായി വിജയഹൃദന്തരം.
കുസുമകാലമായ്, മൊട്ടിട്ടു മല്ലികൾ,
കുളിരിളംതെന്നൽ വീശിയെല്ലാടവും,
മൃദുഹിരണ്മയധൂളികാപാളി ചേ-
ന്നതിമനോജ്ഞം തെളിഞ്ഞിതഷ്ടാശകൾ!—
എവിടെയും കേൾപ്പതാനന്ദമർമ്മരം!
എവിടെയാണിനി ദുസ്സഹഗദ്ഗദം?



Digitized By Kerala Sahitya Akademi

### ഏഴ്

ഒരു മയക്കത്തിൽനിന്നും പൊട്ടുന്നനെ-
ക്കരളു ഞെട്ടിപ്പിടഞ്ഞുണർന്നോല്ലവേ,
അരികിലായ്ക്കണ്ടു സോമൻ വിജയനൊ-
ത്തവിടെ നില്ക്കുന്ന മാലതീദേവിയെ!
ഞൊടിയിലായിരം മിന്നൽപ്പിണരുക-
ളിടറി, വിങ്ങിത്തുടിസ്സും മനസ്സുമായ്,
മറവി മാസ്സിലും മായാത്ത മാതിരി-
സ്സുവനവരെയൊന്നുറ്റുനോക്കീടിനാൻ.
മിഴിയിണയിൽ നിറഞ്ഞു, കവിളിലൂ-
ടൊഴുകി ധാരയായ്ക്കണ്ണീർക്കണികകൾ!

### എട്ട്

അരുതു കാണാ,നിതെന്തൊരു സംഭവം?
ക്ഷണികലോകമേ, നീയെത്ര നിഷ്ഠുരം!
പ്രളയ,മെങ്ങാ പ്രളയം?—അതിനക-
ത്തവനി താണിടാനെന്തിനിത്താമസം?
മരുമരീചികൾ!—ദാഹങ്ങൾ!— ചൂടുകൾ!—
എരിപൊരിക്കൊണ്ടിടും കൊടുംതൃഷ്ണകൾ!—
അനുനിമേഷമെരിഞ്ഞു പടന്നട-
ന്നലറിയേറുന്ന തീപ്പൊരിക്കാടുകൾ!—
ഇവിടമല്ലേ സുഖം?—കനൽക്കട്ടയാ-
മിവിടമല്ലേ കുസുമശയ്യാതലം?............

Digitized By Kerala Sahitya Akademi

ഒൻപതു്

മതി ജഗത്തേ, മതി നിൻപരിഭവം;
മതി തെളിഞ്ഞിനി മന്ദഹസിയ്ക്ക നീ!
അവിടെനിന്നിതാ കേൾപ്പിതവ്യക്തമാ–
യിളകിടും ചില മാരണമമ്മരം!—
"വിവശിതാത്മനായ്, വിശപം വെടിഞ്ഞിതാ
വിജയ, സോദര, പോവുകയായി ഞാൻ!
ഇവനെ നിങ്ങൾ മറക്കില്ല,മെൻറയി–
ച്ചപലചിത്രം വെടിയാല്ലൊരിക്കലും!
ഒരു സുവിമലസ്നേഹാർദ്രമാനസ–
സ്മരണയായിത്തു കാത്തുകൊള്ളേണമേ!!"

* * *

* * *

പത്തു്

വിജയമാലതീപാദപങ്കേരുഹ–
യുഗളചുംബിയായക്കലാപാടവം!
വിവരമില്ലാത്തൊരോമനപ്പൈതൽപോൽ
വിജയനക്ഷണം വാവിട്ടു കേണുപോയ്!
അതിദയനീയശോകാത്ഭുതങ്ങളാ–
ലകമഴിഞ്ഞുടൻ മാഴ്കിനാൾ മാലതി.

Digitized By Kerala Sahitya Akademi

മഹിതകാന്തി പൊലിഞ്ഞു!—കൊട്ടമിരുൾ
മരണവസ്ത്രം വിരിച്ചിതെല്ലാടവും!
തരുശിഖരിയിൽത്താന്തസ്വരങ്ങളിൽ–
ച്ചിറകടിച്ചു കരകയായ് മൂങ്ങകൾ!!....

EDAPPALLY
3—5—1110

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | | | |
|---|---|---|---|---|---|
| രമണൻ | .... | .... | 1 | 8 | 0 |
| ദേവഗീത | .... | .... | 2 | 0 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | .... | .... | 2 | 0 | 0 |
| അപരാധികൾ | .... | .... | 1 | 0 | 0 |
| ദിവ്യഗീതം | .... | .... | 1 | 8 | 0 |
| ഓണപ്പൂക്കൾ | .... | .... | 1 | 0 | 0 |
| ബാഷ്പാഞ്ജലി | .... | .... | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | .... | .... | 1 | 4 | 0 |
| സങ്കല്പകാന്തി | .... | .... | 1 | 4 | 0 |
| ആകാശഗംഗ | .... | .... | 1 | 0 | 0 |
| കളിത്തോഴി | .... | .... | 2 | 8 | 0 |
| വത്സല | .... | .... | 0 | 8 | 0 |
| ആരാധകൻ | .... | .... | 0 | 8 | 0 |
| മോഹിനി | .... | .... | 0 | 8 | 0 |
| ദേവത | .... | .... | 0 | 8 | 0 |
| തിലോത്തമ | .... | .... | 0 | 8 | 0 |
| കലാകേളി | .... | .... | 0 | 12 | 0 |
| ശ്രീതിലകം | .... | .... | 1 | 0 | 0 |
| ചൂഡാമണി | .... | .... | 1 | 0 | 0 |
| കരടി | .... | .... | 0 | 8 | 0 |
| വിവാഹാലോചന | .... | .... | 0 | 8 | 0 |
| അനശ്വരഗാനം | .... | .... | 0 | 8 | 0 |
| യവനിക | .... | .... | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | .... | .... | 1 | 8 | 0 |
| സാഹിത്യചിന്തകൾ | .... | .... | 1 | 8 | 0 |
| നിർവൃതി | .... | .... | 0 | 8 | 0 |
| ദേവയാനി | .... | .... | 0 | 8 | 0 |
| മഞ്ഞക്കിളികൾ | .... | .... | 1 | 0 | 0 |
| കല്ലോലമാല | .... | .... | 1 | 4 | 0 |

Digitized By Kerala Sahitya Akademi

## ചങ്ങമ്പുഴയുടെ കൃതികൾ (തുടച്ച്)

| | | | |
|---|---|---|---|
| മൗനഗാനം .... .... | 1 | 0 | 0 |
| നിർവ്വാണമണ്ഡലം .... .... | 0 | 12 | 0 |
| അസ്ഥിയുടെ പൂക്കൾ .... .... | 0 | 12 | 0 |
| പാടുന്ന പിശാച് .... .... | 2 | 0 | 0 |
| മദിരോത്സവം .... .... | 2 | 0 | 0 |
| സ്വരരാഗസുധ .... .... | 2 | 0 | 0 |
| ഉദ്യാനലക്ഷ്മി .... .... | 1 | 2 | 0 |
| ഉണിവീണ .... .... | 0 | 12 | 0 |
| മാനസേശ്വരി .... .... | 0 | 6 | 0 |
| മയൂഖമാല .... .... | 0 | 9 | 0 |
| സുധാംഗദ .... .... | 1 | 0 | 0 |
| അമൃതവീചി .... .... | 0 | 8 | 0 |
| പെല്ലീസും മെലിസാന്ദയും .... | 1 | 8 | 0 |
| മനസ്സാന്തരം .... .... | 1 | 8 | 0 |
| പ്രതികാരദുർഗ്ഗ .... .... | 2 | 8 | 0 |
| കഥാരത്നമാലിക .... .... | 1 | 2 | 0 |
| നീറുന്ന തീച്ചൂള .... .... | 1 | 4 | 0 |
| തളിർത്തൊത്തുകൾ .... .... | 0 | 12 | 0 |
| രാഗപരാഗം .... .... | 1 | 0 | 0 |
| ഹനേലെ .... .... | 1 | 8 | 0 |
| നർത്തകി .... .... | 0 | 8 | 0 |
| ശ്മശാനത്തിലെ തുളസി .... .... | 0 | 12 | 0 |
| പൂനിലാവിൽ .... .... | 1 | 8 | 0 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ .... .... | 5 | 0 | 0 |
| നവഭാന (ശ്രീദേവി ചങ്ങമ്പുഴ) .... | 0 | 8 | 0 |
| വസന്തോത്സവം .... .... | 0 | 12 | 0 |
| ശിഥിലഹൃദയം (ചെറുകഥകൾ) .... | 1 | 0 | 0 |

**മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi